15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610 — 06-10-2025 - ൽ മറുപടിയ്ക്ക്

മെഡിസെപ് പദ്ധതിയുടെ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും സർവ്വീസ് പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ; | (എ) | പത്താം ശമ്പള പരിഷ്കരണ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായി 23.06.2022 ലെ സ.ഉ.(പി)നം. 70/2022/ധന. പ്രകാരം 01.07.2022 മുതൽ ആരംഭിച്ച മെഡിസെപ്പ് പദ്ധതിയുടെ ആദ്യ ഘട്ടം 30.06.2025-ന് അവസാനിച്ചതിനെതുടർന്ന് പദ്ധതിക്ക് ഭംഗം വരാതിരിക്കാനായി 17.06.2025 ലെ സ.ഉ.(പി) നം.74/2025/ധന.പ്രകാരം 30.09.2025 വരെ മൂന്നു മാസത്തേയ്ക്കും 23.09.2025 ലെ സ.ഉ.(പി) നം.117/2025/ധന.പ്രകാരം 31.10.2025 വരെ ഒരു മാസത്തേയ്ക്കും ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ട നടത്തിപ്പിൽ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ രണ്ടാം ഘട്ടം മുതൽ ആയത് പരിഹരിച്ച് പദ്ധതിയെ കൂടുതൽ കാര്യക്ഷമവും പരാതിരഹിതവും ആകർഷകവുമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | നിലവിലെ പാക്കേജുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും, പുതിയ നൂതനമായ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനുമായി ഡോ ശ്രീറാം വി. ഐ.എ.എസ് ചെയർമാനായി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി **സമർപ്പിച്ച** അന്തിമ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പദ്ധതിയെ പരിഷ്കരിച്ച് രണ്ടാംഘട്ടം ആരംഭിക്കുന്നതിന് 14.08.2025 തീയതിയിലെ സ.ഉ.(പി)നം.102/2025/ധന പ്രകാരം ഉത്തരവാകുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. മെഡിസെപ് രണ്ടാം ഘട്ടത്തിൽ HBP (ഹെൽത്ത് ബെനെഫിറ്റ് പാക്കേജ്) 2022 revised അടിസ്ഥാനമാക്കിയുള്ള ചികിത്സാ പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 41 സ്പെഷ്യാലിറ്റി ചികിത്സകൾക്കായി 2100 -ലധികം ചികിത്സാ പ്രക്രിയകൾ അടിസ്ഥാനചികിത്സ പാക്കേജിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നോൺ എംപാനൽഡ് ആശുപത്രികളിലെ അടിയന്തര സാഹചര്യങ്ങളിലെ ചികിത്സകൾക്ക് റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വ്യവസ്ഥയിൽ നിലവിലുള്ള 3 ചികിത്സകൾ കൂടാതെ 10 ചികിത്സകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർച്ചയായി ചികിത്സ തേടേണ്ട ഡേ-കെയർ പ്രൊസീജിയറുകളായ ഡയാലിസിസ്, കീമോതെറാപ്പി എന്നിവയ്ക്ക് ഇൻഷ്വറൻസ് പോർട്ടലിൽ ഒരു One time registration അനുവദിക്കണമെന്നും, ഒരേ സമയം സർജിക്കൽ, മെഡിക്കൽ പാക്കേജുകൾ ക്ലബ് ചെയ്ത് അംഗീകാരം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി മെഡിസെപ്പ് കാർഡിൽ ഒരു QR code സംവിധാനം ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം ഉണ്ട്. കരാറിൽ നിന്നും വ്യതിചലിക്കുന്ന ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന തരത്തിലുള്ള ഒരു SOP (Standard Operating Procedure) ഇൻഷ്വറൻസ് കമ്പനി തയാറാക്കേണ്ടതാണ്. കൂടാതെ, അധിക ബിൽ ഈടാക്കുക തുടങ്ങിയ സ്വകാര്യ ആശുപത്രിയിൽ നിന്നുള്ള ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് അതോറിറ്റിയുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്. |
| (സി) | പദ്ധതിയുടെ ഇനിയുള്ള നടത്തിപ്പിൽ എല്ലാ ആശുപത്രികളിൽ നിന്നും ഗുണഭോക്താവിന് കാഷ്‌ലെസ് ചികിത്സ ലഭ്യമാകുന്ന തരത്തിലുള്ള പരിഷ്കരണം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കിയിട്ടുണ്ട്. എമ്പാനൽ ചെയ്യുന്ന ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളെയും എമ്പാനൽ ചെയ്യണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നത് കിടത്തി ചികിത്സക്കും തിമിരം, ഡയാലിസിസ്, കീമോതെറാപ്പി തുടങ്ങിയ ഡേ-കെയർ പ്രോസീജറുകൾക്കുമാണ്. SCTIMST (Sree Chitra Tirunal Institute for Medical Sciences & Technology), JIPMER |

| | | | |
|---|---|---|---|
| | | | (Jawaharlal Institute of Postgraduate Medical Education & Research) പോലെയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എംപാനൽ ചെയ്യണമെന്നും ഏതെങ്കിലും കാരണവശാൽ ഈ ആശുപത്രികളെ എംപാനൽ ചെയ്തില്ലായെങ്കിൽ പ്രസ്തുത ആശുപത്രികളിലെ എല്ലാ ചികിത്സകൾക്കും പാക്കേജ് നിരക്ക് പ്രകാരമുള്ള തുക ഇൻഷുറൻസ് കമ്പനി റീഇംപേഴ്സ് ചെയ്ത് നൽകേണ്ടതാണെന്നുമുള്ള വ്യവസ്ഥയും 14.08.2025 ലെ സ.ഉ.(പി) നം.102/2025/ധന. പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ